"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- ശ്രീ. കെ.എ കമറുദ്ദീന് വിള ഇൻഷുറൻസ് ആനുകൂല്യം ലഭ്യമാക്കുന്നതിലേയ്ക്ക് ഓഫ്‌ലൈനായി അപേക്ഷ സ്വീകരിയ്ക്കുന്നതിനും ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജില്ല സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക അലോട്ട് ചെയ്യുന്നതിനും അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.1240/2023/AGRI തീയതി,തിരുവനന്തപുരം, 28-12-2023

---

പരാമർശം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 08.12.2023-ലെ ADFW/1568/2022-TR2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ എടത്വ കൃഷി ഭവൻ പരിധിയിലെ കർഷകനായ ശ്രീ. കെ.എ കമറുദ്ദീന്റെ ഏത്തവാഴ കൃഷി 2021 മെയ് മാസത്തിലുണ്ടായ മഴയിലും വെള്ളപ്പൊക്കത്തിലും നശിച്ചിട്ടുള്ളതാണ് എന്നും, ടിയാൻ വിള ഇൻഷുറൻസിന് ഓൺലൈൻ ആയി അപേക്ഷിച്ചിരുന്നെങ്കിലും ടി അപേക്ഷയിലെ അപാകത മൂലം അപേക്ഷ തിരിച്ചയക്കുകയുണ്ടായി എന്നും പ്രകൃതിക്ഷോഭം മൂലം കൃഷിനാശമുണ്ടായതിനെ തുടർന്ന് ക്ലെയിമിന് അപേക്ഷ സമർപ്പിക്കുവാൻ ചെന്നപ്പോഴാണ് ഇൻഷുറൻസ് പോളിസി അപേക്ഷ തിരിച്ചയച്ച വിവരം കർഷകൻ അറിയുന്നത് എന്നും പോളിസിയിലെ അപാകതകൾ പരിഹരിച്ച് പോളിസി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകിയിട്ടുണ്ടെങ്കിലും ടിയാന്റെ വിള ഇൻഷുറൻസ് ആനുകൂല്യത്തിനായുള്ള ക്ലെയിം എൻടി, എയിംസ് പോർട്ടലിൽ ചെയ്യുവാനുള്ള സമയപരിധി കഴിഞ്ഞതിനാൽ, അപേക്ഷ നൽകാൻ കഴിഞ്ഞിട്ടില്ലെന്നും പരാമർശത്തിലെ കത്ത് പ്രകാരം കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ശ്രീ. കെ.എ കമറുദ്ദീന് വിള ഇൻഷുറൻസ് ആനുകൂല്യം നൽകുന്നതിനായി ഓഫ്‌ലൈനായി അപേക്ഷ സ്വീകരിയ്ക്കുന്നതിനും ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജില്ല സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക അലോട്ട് ചെയ്യുന്നതിനും അനുമതി നല്ലണമെന്ന് കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.എ കമറുദ്ദീന് വിള ഇൻഷുറൻസ് ആനുകൂല്യം നൽകുന്നതിനായി ഓഫ്‌ലൈനായി അപേക്ഷ സ്വീകരിയ്ക്കുന്നതിനും ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ജില്ല സഹകരണ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക അലോട്ട് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

V L BEENA

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക്ഫയൽ/ ഓഫീസ് കോപ്പി (AGRI-AG3/208/2023-AGRI).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ